**കേന്ദ്ര വിദേശകാര്യമന്ത്രിയുടെ തായ് ലണ്ട് സന്ദര്ശനം**

ജൂണ് 27, 2015

കേന്ദ്ര വിദേശകാര്യമന്ത്രി ശ്രീമതി സുഷമ സ്വരാജ് ജൂണ് 27-29 , 2015 ല് തായ് ലാണ്ട് സന്ദര്ശിക്കും. ഇന്ത്യ- തായിലാണ്ട് സംയുക്ത സമിതി യോഗത്തില് അധ്യക്ഷപദം പങ്ക് വയ്ക്കുവാനാണ് സന്ദര്ശനം . ബാങ്കോക്കില് നടന്ന പതിനാറാമത് ലോക സംസ്കൃത സമ്മേളനത്തിലും മന്ത്രി പങ്കെടുക്കും.

സന്ദര്ശനത്തിന്റെ ഭാഗമായി തായ് നേതൃത്വവുമായി കേന്ദ്ര മന്ത്രി കൂടിക്കാഴ്ച നടത്തുമെന്ന് പ്രതീക്ഷിക്കുന്നു, അതോടൊപ്പം പ്രധാനമന്ത്രിയും വിദേശ കാര്യ മന്ത്രിയുമായ ജനറല് തനസക് പതിമപ്രഗോണിനൊപ്പം ജൂണ് 29, 2015 നു സംയുക്ത സമിതി യോഗത്തില് അധ്യക്ഷപദം പങ്ക് വയ്ക്കുകയും ചെയ്യുമെന്നു പ്രതീക്ഷിക്കുന്നു. പൂര്ണാര്ഥത്തില് ഉഭയകക്ഷി ബന്ധങ്ങളിലെ പുരോഗതി സംയുക്തസമിതി അവലോകനം ചെയ്യും.
വിവിധ ഇന്ത്യന് സംഘടനകള്, വ്യാപാര നേതാക്കള്, പണ്ഡിതന്മാര് എന്നിവരുമായി കേന്ദ്രമന്ത്രി ചര്ച്ചകള് നടത്തുമെന്ന് പ്രതീക്ഷിക്കുന്നു . ഇരു രാജ്യങ്ങളിലും പുതിയ ഭരണ മാറ്റം വന്നതിനു ശേഷം ഇന്ത്യയില് നിന്നും ഉന്നത തലത്തില് നടത്തുന്ന ആദ്യ ഉഭയകക്ഷി സന്ദര്ശനം ആണിത് .

ജൂണ് 28, 2015 നു നടക്കുന്ന ലോക സംസ്കൃത സമ്മേളന ഉദ്ഘാടന ചടങ്ങുകളോട് അനുബന്ധിച്ച് , ആദരണീയായ അതിഥി എന്ന നിലയില് കേന്ദ്ര മന്ത്രി അറുപത് രാജ്യങ്ങളില് നിന്നും എത്തുന്ന 600 സംസ്കൃത പണ്ഡിതരെ അഭിസംബോധന ചെയ്യും. ബാങ്കോക്കിലെ സമ്മേളനത്തിന്റെ രക്ഷാധികാരിയേ ആദരണീയയായ രാജകുമാരി മഹാ ചക്രി സിരിന്ധോണുമായി കേന്ദ്ര മന്ത്രി കൂടിക്കാഴ്ച നടത്തും.

ആസിയാനില് ഇന്ത്യയുടെ തന്ത്രപ്രധാന പങ്കാളിത്തത്തിലെ പ്രധാന ഘടകം തായ് ലണ്ടുമായി ഇന്ത്യക്കുള്ള  മികച്ച ബന്ധങ്ങള് ആണ് . ഇന്ത്യയുടെ "ആക്ട് ഈസ്റ്റ്" നയം തായ് ലാണ്ടിന്റെ 'ലുക് വെസ്റ്റ്' നയവുമായി ചേരുന്നതാണ് .  ഈ രണ്ടു നയങ്ങളും ഇരു രാജ്യങ്ങളെയും കൂടുതല് അടുപ്പിച്ചിട്ടുണ്ട് .  നിരന്തരമായുള്ള ഉന്നതതല ഉഭയകക്ഷി വിനിമയങ്ങള്, നിരന്തരമായ ഉഭയകക്ഷി സ്ഥാപന സംവിധാനങ്ങള് എന്നിവ വഴി  ഇന്ത്യ - തായ് ലണ്ട് ബന്ധങ്ങളില് പ്രധാന പ്രോത്സാഹനം നല്കുകയും സുരക്ഷ, പ്രതിരോധം, വ്യവസായം, ശാസ്ത്ര-സാങ്കേതികവിദ്യ, വിദ്യാഭ്യാസം  എന്നീ പ്രധാന മേഖലകളിലെ സഹകരണത്തില് പുരോഗതിയും കൈവരാന് സഹായിച്ചു.

ഈന്തയ്ക്കും തായ് ലണ്ടിനും ശക്തമായ സാമ്പത്തിക കൂട്ടുപ്രവര്ത്തനങ്ങളും വളരുന്ന ഉഭയകക്ഷി വ്യാപാരത്തിന്റെയും നിക്ഷേപത്തിന്റെയും   വൈവിധ്യമുള്ള രൂപരേഖകളും ഉണ്ട് അത് ഇരു സന്പദ്വ്യവസ്ഥകളുടെയും വളര്ച്ചയും പകവതയും പ്രതിഫലിപ്പിക്കുന്നു .  ഇന്ത്യ- തായ് ലണ്ട് ബന്ധങ്ങളുടെ മുഖ്യമായ ഘടകം ജനങ്ങള് തമ്മിലുള്ള വിശാലമായ അടുപ്പം ആണ് . 2014 ല് ഏകദേശം ഒരു ദശലക്ഷം ഇന്ത്യന് സന്ദര്ശകര് തായ് ലണ്ട് സന്ദര്ശിക്കുകയും 100,000 തായ് ലണ്ട് സന്ദര്ശകര് ഇന്ത്യ സന്ദര്ശിക്കുകയും ചെയ്തിരുന്നു .

ന്യൂ ഡെല്ഹി
ജൂണ് 27, 2015